LIBRARY ARCHIVES Kerala Legislative Assembly

ഗ്ലാസ്, സ്റ്റീൽ, ഫാക്ടറികൾ

* 726. [15] ശ്രീ. സി. ജെ. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കരുപ്പുറത്ത് ഗ്ലാസ്, സ്റ്റീൽ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ആരെങ്കിലും വ്യവസായ വികസനപദ്ധതികൾ ആവിഷ്കരിക്കാൻ ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു പദ്ധതിയാണ് ആലോചിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) ഈ സംസ്ഥാനത്തു് ഒരു ഷീറ്റ് ഗ്ലാസ് ഫാക്ടറി സ്ഥാപിക്കുന്നതിനെപ്പറ്റി പ്ലാനിംഗ് കമ്മിഷനുമായി ആലോചിക്കുന്നുണ്ട്, രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഒരു ഷീറ്റ് ഗ്ലാസ് ഫാക്ടറി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ ഫാക്ടറി കരുപ്പുറത്തു് ആയിരിക്കണമെന്നു് ഗവണ്മെൻറിനു് ആഗ്രഹമുണ്ട്. എങ്കിലും അവസാനതീരുമാനം സാങ്കേതിക പരിശോധനകളെ ആശ്രയിച്ചിരിക്കും. ഇതിനും പുറമെ കരുപ്പുറത്തു് ഒരു മണ്ണലിഷ്ടിക ഫാക്ടറി തുടങ്ങുന്നതും ആലോചനയിലിരിക്കുകയാണ്.

വിദ്യാർത്ഥിക്യാമ്പുകൾ

* 727. [16] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ ;

(എ) 1955 മദ്ധ്യവേനൽ ഒഴിവുകാലത്തു് നമ്മുടെ സംസ്ഥാനത്തു എത്ര യുവജനവിദ്യാർത്ഥിക്യാമ്പുകൾ നടത്തപ്പെട്ടു; ഇവയിൽ എത്രയെണ്ണം മഹിളകൾക്കായി സംഘടിക്കപ്പെട്ടിരുന്നു. ആകെ എത്രപേർ വീതം ഓരോ ക്യാമ്പിലും പങ്കെടുത്തു ;

(ബി) ഈ ക്യാമ്പുകളുടെ പ്രവർത്തനം ആരുടെ നിയന്ത്രണത്തിലാണു നടന്നതു് ;

(സി) ഈ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനു ആകെ എത്ര ചെലവായി; ഈ ക്യാമ്പുകളുടെ പ്രവർത്തനത്തിൽ നിന്നുള്ള മൊത്തം ഔട്ട്പുട്ട് എത്ര ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1955 മദ്ധ്യവേനൽ ഒഴിവുകാലത്തു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻറെയോ യൂണിവേഴ്സിറ്റിയുടേയോ ആഭിമുഖ്യത്തിൽ യാതൊരു യുവജനവിദ്യാർത്ഥിക്യാമ്പും നടത്തിയതായി അറിവില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

രണ്ടാംപഞ്ചവത്സരപദ്ധതി.

* 728. [17] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ ?

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ചേർക്കേണ്ടതായ തിരുവിതാംകൂർ കൊച്ചിയുടെ സ്റ്റേറ്റ് പ്ലാനിൻറെ നക്കൽ പൂത്തിയായോ ?